നടപ്പാക്കുന്നത്. നവീകരിച്ച പദ്ധതി അനുസരിച്ച് ഒരു ബീഡി തൊഴിലാളി 40000 രൂപയ്ക്ക് പകരം 5000 രൂപ അടച്ചാൽ മതി. 40000 രൂപ സബ്സിഡിയും ലഭിക്കുന്നതാണ്.

(ബി) നവീകരിച്ച പദ്ധതി 25-5-2005-ൽ മാത്രമേ പ്രാബല്യത്തിൽ വന്നിട്ടുള്ളു. ലഭിച്ച അപേക്ഷകളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും ജില്ലാ ലേബർ ആഫീസുകൾ മുഖേനയും ഈ പദ്ധതിയെക്കുറിച്ച് പ്രചാരണം നൽകുന്നതാണ്.

തോട്ടം തൊഴിലാളി സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ

28 [1347] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളി സമരം എന്തെല്ലാം ഉപാധികളുടെ അടിസ്ഥാനത്തിലാണ് തീർപ്പാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം എന്തെല്ലാം പുതിയ ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആനുകൂല്യങ്ങൾ എന്നത്തേക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തോട്ടം തൊഴിലാളികളുടെ സമരം അവസാനിപ്പിക്കുന്നതിനുവേണ്ടി എന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ഒത്തുതീർപ്പു സംഭാഷണം പരാജയപ്പെടുകയുണ്ടായി. തുടർന്ന് മിനിമം വേതന നിയമത്തിലെ 3 (1) വകുപ്പ് ക്ലാസ് (ബി)-യിലെ വ്യവസ്ഥകൾ പ്രകാരം തോട്ടം മേഖലയിലെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തോട്ടം തൊഴിലാളി സമരം പിൻവലിക്കപ്പെടുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) തോട്ടം തൊഴിലാളികൾക്ക് പുതിയ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി മിനിമം വേതന നിയമത്തിലെ 3 (1) വകുപ്പ് ക്ലാസ് (ബി)-യിലെ വ്യവസ്ഥകൾ പ്രകാരം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതനുസരിച്ച് റബ്ബർ മേഖലയിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളത്തിൽ 30% വർദ്ധനവും തേയില-കാപ്പി മേഖലയിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളത്തിൽ 16% വർദ്ധനവും ക്ഷാമബത്തയിൽ വർദ്ധനവും ലഭിക്കുന്നതാണ്. ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേട്ടശേഷം 60 ദിവസത്തിനുശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതോടെ തൊഴിലാളികൾക്ക് പുതിയ നിരക്കിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.-യിലെ പുതിയ കോഴ്സുകൾ

29 [1348] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അരീക്കോട് ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഈ വർഷം പുതിയ കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം കോഴ്സുകളാണ് ഇവിടെ ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രേഡുകളുടെ നവീകരണത്തിന്റെ ഭാഗമായി 2005 ആഗസ്റ്റ് മുതൽ പോസ്റ്റ് ഐ.ടി.ഐ., എം.ആർ.എ.സി. ട്രേഡ് നിർത്തലാക്കി പകരം ലിഫ്റ്റ് മെക്കാനിക് ഓപ്പറേറ്റർ ട്രേഡ് തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

GPM. 2/567/2012—8

LIBRARY ARCHIVES Kerala Legislative Assembly